**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 159** **11-10-2021 - ൽ മറുപടിയ്ക്ക്**

**വിശപ്പുരഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. രാജ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിശപ്പുരഹിത കേരളം പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്; പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2017 -ൽ ആലപ്പുഴ ജില്ലയിൽ വിശപ്പ രഹിത കേരളം പദ്ധതി ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ ആലപ്പുഴ നഗരസഭ പരിധിയിലെ 130 കിടപ്പ രോഗികൾക്ക് അവരുടെ വീട്ടുകളിൽ സൗജന്യമായി ഭക്ഷണം എത്തിച്ചിരുന്നു.രണ്ടാം ഘട്ടത്തിൽ കുറഞ്ഞ വിലയ്ക്ക് ഭക്ഷണം വിതരണം ചെയ്യുന്ന സുഭിക്ഷ ഹോട്ടലുകൾ ആരംഭിയ്ക്കുകയും ചെയ്തു. ആല പ്പുഴ,തൃശ്ശൂർ,കോട്ടയം,തിരുവനന്തപുരം എന്നീ ജില്ലകളിൽ ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റ് ആശാവർക്കർമാർ സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ തയ്യാറാക്കി ഉച്ചഭക്ഷണം വീടുകളിൽ എത്തിച്ചു നൽകുകയാണ് നിലവിലെ രീതി. കിടപ്പ് രോഗികൾ, അശരണർ , വാസസ്ഥലത്ത് ഭക്ഷണം ലഭ്യമാക്കേണ്ടവർ, ഇങ്ങനെയുള്ള വിഭാഗങ്ങൾക്ക് ടി പദ്ധതി വളരെയേറെ പ്രയോജനം ചെയ്യുന്നു. കൂടാതെ സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചഭക്ഷണം 20/- രൂപയ്ക്ക് പൊതുജനങ്ങൾക്ക് നൽകുന്നത് സാധാരണക്കാർക്ക് വളരെയധികം പ്രയോജനപ്രദം ആണ്. നിലവിൽ സംസ്ഥാനത്തു 6 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നു. [ആലപ്പുഴ - ചേർത്തല ,ആലപ്പുഴ , തൃശ്ശൂർ - പെരിഞ്ഞനം, കുന്നംകുളം , കോട്ടയം - നാഗമ്പടം , തിരുവനന്തപുരം - പാളയം ] |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായ സുഭിക്ഷ ഹോട്ടലുകൾ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ആരംഭിച്ചിട്ടുണ്ടോ; ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | സുഭിക്ഷ ഹോട്ടലുകൾ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ്,നെടുമങ്ങാട് ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി ചെങ്ങന്നൂർ,കോട്ടയം |

| | | | |
|---|---|---|---|
| | | | ജില്ലയിൽ ഏറ്റുമാനൂർ,മീനച്ചൽ,പാലക്കാട് ജില്ലയിൽ ആലത്തൂർ,തൃശ്ശൂർ ജില്ലയിൽ ചാലക്കുടി തൃശ്ശൂർ കോർപ്പറേഷൻ,മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽ ടി പദ്ധതി നടപ്പിലാക്കാനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.അവ പരിശോധിച്ചു വരുന്നു.മറ്റു നിയോജക മണ്ഡലങ്ങളിലും ടി പദ്ധതി ഉടൻ ആരംഭിയ്ക്കുന്നതിന് ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് പ്രൊപോസൽ ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ